**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- വനം വകുപ്പിൽ ആന പാപ്പാൻ തസ്തികയിൽ, കെ.എസ് & എസ്.എസ്.ആർ റൂൾ 9 (a) (i) പ്രകാരം താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാരുടെ സേവനം അവരെ വകുപ്പിൽ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി മുതൽ ക്രമീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.4/2022/വനം തീയതി, തിരുവനന്തപുരം, 17/01/2022.

---

പരാമർശം:-

1. 21.05.2010 -ലെ സ.ഉ(സാധാ) നം.221/2010/വനം ഉത്തരവ്.
2. 14.10.2020-ലെ സ.ഉ(പി)നം.13/2020/പി&എ.ആർ.ഡി ഉത്തരവ്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം ) - 23.01.2021-ലെ ഇ6-730/05 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ആറ് ആനപാപ്പാന്മാരെ അവരെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ്. & എസ്.എസ്.ആർ റൂൾ 9(a)(i) പ്രകാരം താൽക്കാലിക നിയമനം നൽകിയും, സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് സേവനം ക്രമീകരിക്കുന്നതിനും തീരുമാനിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) പരാമർശം (2) പ്രകാരം, വനം വകുപ്പിലെ ആനപാപ്പാൻ തസ്തിക ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാരുടെ സേവനം ക്രമീകരിക്കേണ്ടതും, അവധികൾക്കുള്ള അർഹതയും, പരാമർശം (1) ഉത്തരവ് പ്രകാരം അവർ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽക്കാണോ, അതോ തുടർച്ചയായി അവരെ ജോലിയ്ക്ക് നിയമിച്ച തീയതി മുതൽക്കാണോ എന്നതിൽ വ്യക്തത വരുത്തണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), പരാമർശം (3) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവിൽ സേവനം ക്രമീകരിക്കേണ്ട പ്രാബല്യ തീയതി വ്യകതമാക്കിയിരുന്നില്ല. പരാമർശം (1) ലെ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ആറ് ആനപാപ്പാന്മാരെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ പ്രത്യേക കേസായി പരിഗണിച്ച് കെ.എസ്&എസ്.എസ്.ആർ, ചട്ടം 9(a)(i) പ്രകാരം ആനപാപ്പാൻ തസ്തികയിൽ താൽകാലിക നിയമനം നൽകിയ സാഹചര്യത്തിൽ, തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ ടിയാളുകളുടെ താൽകാലിക നിയമനം റെഗുലറൈസ് ചെയ്യേണ്ടത് തികച്ചും ന്യായമായ കാര്യമാണ്. സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ച തീയതി മുതൽ ടിയാളുകളുടെ റെഗുലറൈസേഷന് പ്രാബല്യം നൽകുന്ന പക്ഷം, 1990-1998 കാലയളവിൽ തുടർച്ചയായി ജോലിക്ക് നിയമിക്കപ്പെട്ട അവർക്ക് ഏകദേശം 12 മുതൽ 20 വർഷത്തെ

സേവനാനുകൂല്യങ്ങൾ നഷ്ടമാകുന്ന സാഹചര്യം ഉണ്ടാവും.

4) പ്രസ്തുത സാഹചര്യത്തിൽ, പരാമർശം (1) ഉത്തരവ് പ്രകാരം, വനം വകുപ്പിൽ ആന പാപ്പാൻ തസ്തികയിൽ, താത്ക്കാലിക നിയമനം നൽകിയ, ചുവടെ ചേർത്തിരിക്കുന്ന, ആറ് ആനപാപ്പാന്മാരുടെ സേവനം അവരെ വകുപ്പിൽ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി മുതൽ ക്രമീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1. | ശ്രീ. പി. വി. സുബ്രഹ്മണ്യൻ |
| 2. | ശ്രീ. റ്റി. വി. അനിൽ |
| 3. | ശ്രീ. എം. ഷംസുദ്ദീൻ |
| 4. | ശ്രീ. കെ. തങ്കച്ചൻ |
| 5. | ശ്രീ. കെ. ബാബുരാജ് |
| 6. | ശ്രീ. ഇ. വി. രാധാകൃഷ്ണൻ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം ) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് ( 12.01.2022-ലെ മന്ത്രി സഭാ തീരുമാനം 489 പ്രകാരം).
ധനകാര്യ വകുപ്പ് (1715954/Agri-A2/22/2021-FIN തീയതി 19/07/2021).
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് (ADV-A2/121/2021-PandARD തീയതി 25/10/2021 ).
നിയമ വകുപ്പ് (84/LS/2021/Law തീയതി 27.12.2021).
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 17-01-2022 17:42:16
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്

വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-01-2022

ഫയൽ നം. 42/എഫ്1/2021/വനം.

ഇനം നം: 489

വിഷയം : വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - ആന പാപ്പാൻ തസ്തികയിൽ, കെ.എസ്.&എസ്.എസ്.ആർ. റൂൾ 9(a)(i) പ്രകാരം താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാരുടെ സേവനം ക്രമീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

R
13/1

AS

489

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 42/എഫ്1/2021/ വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം- വന്യജീവി വകുപ്പ്- ജീവനക്കാര്യം- ആന പാപ്പാൻ തസ്തികയിൽ, കെ.എസ്. & എസ്.എസ്.ആർ റൂൾ 9 (a) (i) പ്രകാരം താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാരുടെ സേവനം ക്രമീകരിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06/12/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമം, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പുകളുടെ അഭിപ്രായം<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ബിന്ദു തങ്കച്ചി എം.കെ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ്കുമാർ സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 30.12.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.12.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.കെ ശശീന്ദ്രൻ. |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.01.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.01.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ആന പാപ്പാൻ തസ്തികയിൽ, കെ.എസ്. & എസ്.എസ്.ആർ റൂൾ 9 (a) (i) പ്രകാരം താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാരുടെ സേവനം ക്രമീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2.) വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ആറ് ആനപാപ്പാന്മാരെ അവരെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ്. & എസ്.എസ്.ആർ റൂൾ 9(a)(i) പ്രകാരം താൽക്കാലിക നിയമനം നൽകിയും, സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് സേവനം ക്രമീകരിക്കുന്നതിനും തീരുമാനിച്ചു കൊണ്ട് 21.05.2010 -ലെ സ.ഉ(സാധാ) നം.221/2010/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ജീവനക്കാരുടെ സേവന കാലയളവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി |
|---|---|---|---|
| 1. | ശ്രീ. പി. വി. സുബ്രഹ്മണ്യൻ | 25/01/1966 | 01/01/1995 |
| 2. | ശ്രീ. റ്റി. വി. അനിൽ | 10/05/1978 | 05/02/1996 |
| 3. | ശ്രീ. എം. ഷംസുദ്ദീൻ | 10/03/1971 | 09/1998 |
| 4. | ശ്രീ. കെ. തങ്കച്ചൻ | 15/04/1962 | 1994 |
| 5. | ശ്രീ. കെ. ബാബുരാജ് | 01/01/1970 | 28/12/1995 |
| 6. | ശ്രീ. ഇ. വി. രാധാകൃഷ്ണൻ | 15/12/1963 | 01/02/1990 |

3.) 14.10.2020-ലെ സ.ഉ(പി)നം.13/2020/പി&എ.ആർ.ഡി പ്രകാരം, വനം വകുപ്പിലെ ആനപാപ്പാൻ തസ്തിക ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ

പറഞ്ഞ ജീവനക്കാരുടെ സേവനം ക്രമീകരിക്കേണ്ടതും, അവധികൾക്കുള്ള അർഹതയും, 21.05.2010-ലെ സ.ഉ(സാധാ)നം.221/2010/വനം ഉത്തരവ് പ്രകാരം സേവനത്തിൽ പ്രവേശിച്ച തീയതി മുതൽക്കാണോ, അതോ തുടർച്ചയായി അവരെ ജോലിയ്ക്ക് നിയമിച്ച തീയതി മുതൽക്കാണോ എന്നതിൽ വ്യക്തത വരുത്തണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, 23.01.2021-ലെ ഇ 6-730/05 നമ്പർ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4.) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയതിൽ ടി വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"വനം വകുപ്പിൽ താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ആനപാപ്പാന്മാരായി ജോലി ചെയ്യുന്ന 6 പേരെ അവരെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് കെ.എസ് & എസ്.എസ്.ആർ, ചട്ടം 9(a)(i) പ്രകാരം ആനപാപ്പാൻ തസ്തികയിൽ താല്ക്കാലികനിയമനം നൽകിക്കൊണ്ടും സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് ഇവരെ റെഗുലറൈസ് ചെയ്യാനും ആണ് അന്നത്തെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം 21-5-2010- ലെ സ.ഉ(സാധാ)നം.221/2010/വനം-സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ ടി തസ്തികയെ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ നിലവിൽ വന്നത് 14/10/2020 (എസ്. ആർ. ഒ നം. 715/2020 പ്രകാരം)-ൽ മാത്രമാണ്. 21-5-2010- ലെ സ.ഉ(സാധാ)നം.221/2010/ വനം ഉത്തരവിലെ വ്യവസ്ഥ പ്രകാരം 14/10/2020 മുതൽ (സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക്) മാത്രമേ റഗുലറൈസ് ചെയ്യാനാവൂ. ആയതിനാൽ റഗുലറൈസേഷന്റെ പ്രാബല്യതീയതി സംബന്ധിച്ച് P& ARD യുടെ അഭിപ്രായം ഒരിക്കൽ കൂടി ആരാഞ്ഞതിനു ശേഷം പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് ഉചിത തലത്തിൽ തീരുമാനമെടുക്കേണ്ടതാണ് എന്നു അറിയിക്കുന്നു'.*

5.) തുടർന്ന്, ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. ടി വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*'പ്രതിപാദ്യവിഷയത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധ 14/06/2021 തീയതി യിലെ A2/121/2021 പ്രകാരം ഈ വകുപ്പ് നൽകിയ അഭിപ്രായത്തിലേക്ക്*

ക്ഷണിക്കുന്നു. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയ ആനപാപ്പാന്മാരെ, അവരെ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി മുതൽ നിയമനം നൽകിയിട്ടുള്ളതിനാൽ ടിയാന്മാരെ വകുപ്പിൽ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി മുതൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കെ.എസ് & എസ്.എസ്.ആർ, ചട്ടം 9(a)(i) പ്രകാരം ആനപാപ്പാൻ തസ്തികയിൽ താല്ക്കാലികനിയമനം നൽകിയും സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് ഇവരെ റെഗുലറൈസ് ചെയ്യാനും തീരുമാനിച്ചുകൊണ്ടുമാണ് 21-5-2010-ലെ സ.ഉ (സാധാ)നം. 221/2010/വനം-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ റെഗുലറൈസേഷന്റെ പ്രാബല്യതീയതി വ്യക്തമാക്കാത്തതിനാൽ ഇക്കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്.

21-5-2010-ലെ സ.ഉ (സാധാ)നം. 221/2010/വനം ഉത്തരവ് പ്രകാരം ടിയാളുകളെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ പ്രത്യേക കേസായി പരിഗണിച്ച് കെ.എസ്&എസ്.എസ്.ആർ, ചട്ടം 9(a)(i) പ്രകാരം ആനപാപ്പാൻ തസ്തികയിൽ താൽകാലിക നിയമനം നൽകിയ സാഹചര്യത്തിൽ പ്രസ്തുത തീയതി മുതൽ ടിയാളുകളുടെ താൽകാലിക നിയമനം റെഗുലറൈസ് ചെയ്യേണ്ടത് തികച്ചും ന്യായമായ കാര്യമാണ്. 21-5-2010-ലെ സ.ഉ (സാധാ)നം. 221/2010/വനം ഉത്തരവിൽ അവ്യക്തത നിലനിൽക്കുന്ന കാരണത്താൽ സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ച തീയതി മുതൽ (14/10/2020) ടിയാളുകളുടെ റെഗുലറൈസേഷന് പ്രാബല്യം നൽകുന്ന പക്ഷം 1990-1998 കാലയളവിൽ തുടർച്ചയായി ജോലിക്ക് നിയമിക്കപ്പെട്ട ടിയാളുകൾക്ക് സർവ്വീസ് ആനുകൂല്യങ്ങളിൽ കനത്ത നഷ്ടമുണ്ടാകുമെന്നതിനാൽ ഇത്തരത്തിലുള്ള നടപടി മാനുഷികമല്ലാത്തതും ഒട്ടും തന്നെ നീതികരിക്കാനാകാത്തതുമാണ്. ടി സാഹചര്യത്തിൽ ടിയാളുകളെ ആന പാപ്പാൻ തസ്തികയിൽ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയതി മുതൽ ടിയാളുകളുടെ താൽക്കാലിക നിയമനം, ഉചിത തലത്തിൽ തീരുമാനമെടുത്ത് റെഗുലറൈസ് ചെയ്യുന്നതിനോട് ഈ വകുപ്പിന് എതിർപ്പില്ലായെന്നറിയിക്കുന്നു.

പ്രതിപാദ്യവിഷയത്തിൽ, കൂടുതലായി ഈ വകുപ്പിന് ഒന്നും രേഖപ്പെടുത്താനില്ലെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു'.

6.) ഉമാദേവി കേസിലെ ബഹു.സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം കൂടി തേടുകയുണ്ടായി. ടി

വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*'വനം വകുപ്പിൽ 1990 മുതൽ 1998 വരെയുള്ള വിവിധ കാലയളവുകളിൽ തുടർച്ചയായി ആനപാപ്പാന്മാരായി താത്ക്കാലിക നിയമനം നടത്തിയവരെ ഒരു പ്രത്യേക കേസായി പരിഗണിച്ച് 21.05.2010-ലെ സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി KS& SSR ചട്ടം 9 (a)(i) പ്രകാരം താത്ക്കാലിക നിയമനം നൽകുകയും വിശേഷാൽ ചട്ടം രൂപീകരിക്കുന്ന മുറയ്ക്ക് റെഗുലറൈസ് ചെയ്യുവാനും തീരുമാനിച്ചിരുന്നു. പ്രസ്തുത താത്ക്കാലിക നിയമനം നടത്തുന്ന വേളയിൽ തസ്തികകൾ PSC യുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നു. തുടർന്ന് വിശേഷാൽ ചട്ടം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് 14/10/2020-ന് ആണ്. അത് പ്രകാരം പാപ്പാൻ നിയമനം കാവടിയിൽ നിന്നുള്ള പ്രൊമോഷനും കാവടി നിയമനം PSC വഴി നേരിട്ടുള്ള നിയമനവുമാണ്.*

*ഉമാദേവി കേസിൽ പബ്ലിക്ക് എംപ്ലോയ്മെന്റ് സുതാര്യമായ പ്രക്രിയയിലൂടെ ആയിരിക്കണമെന്നും താത്ക്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ആകരുത് അത് എന്നുമാണ് ബഹു.സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധിന്യായത്തിന്റെ അന്തഃസത്ത. നിലവിലെ വിഷയത്തിൽ വിശേഷാൽ ചട്ടം രൂപീകരിച്ചതോടെ 2010-ലെ ഉത്തരവ് പ്രകാരമുള്ള റെഗുലറൈസേഷൻ എന്ന് മുതൽ നൽകണമെന്നത് മാത്രമാണ് തീരുമാനിക്കേണ്ടത്. നിയമനം നടത്തുന്ന വേളയിൽ പ്രസ്തുത തസ്തിക അതിന്റെ പ്രത്യേകത കാരണം PSC യുടെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നതിനാലും മേൽ പ്രസ്താവിച്ച മറ്റു ഘടകങ്ങളാലും ഇത് ഉമാദേവി കേസിന്റെ പരിധിയിൽ ഉൾപ്പെട്ടുവരുന്നതായി കരുതാവുന്നതല്ല'.*

7.) വനം വകുപ്പിൽ താത്ക്കാലിക നിയമനം നൽകിയ ആറ് ആനപാപ്പാന്മാർക്ക് 2010-ൽ താത്ക്കാലിക നിയമനം നൽകി കൊണ്ടുള്ള ഉത്തരവ് തീയതി മുതൽ, സേവനാനുകൂല്യങ്ങൾ നൽകുകയാണെങ്കിൽ ഏകദേശം 12 മുതൽ 20 വർഷത്തെ സേവനാനുകൂല്യങ്ങൾ അവർക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകും. വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയ ആറ് ആനപാപ്പാന്മാരെ അവരെ തുടർച്ചയായി ജോലിക്ക് നിയമിച്ച തീയ്യതി മുതൽ ആണ് താത്ക്കാലിക നിയമനം നൽകിയിട്ടുള്ളത്. ആയതിനാൽ 21.05.2010 -ലെ സ.ഉ(സാധാ)നം.221/2010/വനം ഉത്തരവ് പ്രകാരം, വനം വകുപ്പിൽ

താത്ക്കാലിക നിയമനം നൽകിയ 6 ആനപാപ്പാന്മാരുടെ സേവനം, അവരെ വകുപ്പിൽ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയതി മുതൽ ക്രമീകരിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ, ബഹു.വനം വന്യ ജീവി വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

21.05.2010-ലെ സ.ഉ(സാധാ)നം.221/2010/വനം ഉത്തരവ് പ്രകാരം, വനം വകുപ്പിൽ ആന പാപ്പാൻ തസ്തികയിൽ, താത്ക്കാലിക നിയമനം നൽകിയ, ചുവടെ ചേർത്തിരിക്കുന്ന, ആറ് ആനപാപ്പാന്മാരുടെ സേവനം അവരെ വകുപ്പിൽ തുടർച്ചയായി ജോലിയ്ക്ക് നിയമിച്ച തീയ്യതി മുതൽ ക്രമീകരിക്കാവുന്നതാണോ?

| ക്രമ നമ്പർ | പേര് |
|---|---|
| 1. | ശ്രീ. പി. വി. സുബ്രഹ്മണ്യൻ |
| 2. | ശ്രീ. റ്റി. വി. അനിൽ |
| 3. | ശ്രീ. എം. ഷംസുദ്ദീൻ |
| 4. | ശ്രീ. കെ. തങ്കച്ചൻ |
| 5. | ശ്രീ. കെ. ബാബുരാജ് |
| 6. | ശ്രീ. ഇ. വി. രാധാകൃഷ്ണൻ |